FOR PRIVATE CIRCULATION ONLY

# അൽമായവേദി

അഖില മലങ്കര ഓർത്തഡോക്സ് അൽമായവേദിയുടെ മുഖപത്രം

പരിശുദ്ധ വട്ടശ്ശേരിൽ തിരുമേനിയുടെ ഓർമ്മപ്പെരുന്നാൾ സപ്ലിമെന്റ് | M2. 18821/06 | 21 ഫെബ്രുവരി 2013 

## മലങ്കരസഭയുടെ മോശയായ വട്ടശ്ശേരിൽ തിരുമേനി

**തോമസ് ചാണ്ടി**

ഇസ്രായേൽ ജനതയുടെ ചരിത്രത്തിൽ മോശയ്ക്കുള്ള സ്ഥാനം മലങ്കര സഭയുടെ ചരിത്രത്തിൽ പ: വട്ടശ്ശേരിൽ തിരുമേനിക്കുണ്ടെന്ന് പറയുന്നതിൽ തെല്ലും അതിശയോക്തിയില്ല. വിദേശികളായ ഫറവോന്മാരുടെ കീഴിൽ ആദ്യകാലത്ത് സ്നേഹാദരങ്ങളോടെ കഴിഞ്ഞ ജനത, യൗസേഫിനെ അറിയാത്ത ഫറവോന്മാരുടെ കാലമായപ്പോൾ അടിമകളും പീഡിതരും ദുഃഖിതരുമായി കഴിയുന്ന അവസ്ഥ സംജാതമായി. അതിൽ നിന്നും വിമോചനം നേടുവാൻ യഹോവ തിരഞ്ഞെടുത്ത അതുല്യനായ നേതാവും, പ്രവാചകനും, ആചാര്യനും, ന്യായപ്രമാണകർത്താവുമായ മോശയെപ്പോലെ മലങ്കരസഭയെ സ്വാഭിമാനവും വ്യക്തിത്വവുമുള്ള ഒരു സമൂഹമായി ഉയർത്തുവാൻ ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ട് നിയോഗിക്കപ്പെട്ട മഹദ് വ്യക്തിത്വമാണ് വട്ടശ്ശേരിൽ തിരുമേനി. മോശയെപ്പോലെ തന്നെ അതുല്യനായ നേതാവ്, ദീർഘദർശിത്വത്തോടെ സഭയുടെ കെട്ടുപണി നടത്തിയ പ്രവാചകൻ, സഭയ്ക്ക് വിശ്വാസപരവും (മതോപദേശ സാരങ്ങൾ) ഭരണപരവുമായ (1934 ലെ ഭരണഘടന) അടിസ്ഥാനപ്രമാണങ്ങൾ നൽകയും ചെയ്ത ആചാര്യ-നിയമ വ്യവസ്ഥാ കർത്താവ് എന്നീ നിലകളിലുള്ള പ: പിതാവിന്റെ സ്ഥാനം ഇവയുടെയെല്ലാം ഗുണഭോക്താക്കൾ പോലും വേണ്ടവിധം മനസ്സിലാക്കുന്നില്ല എന്നത് ദുഃഖകരമായ സത്യമായി അവശേഷിക്കുന്നു.

സഭയിലെ വിഘടിത വിഭാഗത്തിന് വേണ്ടി സ്വന്തം വികട സരസ്വതീ വിലാസം ഉപയോഗപ്പെടുത്തുന്ന ഒരു റിട്ടയേർഡ് ഐ.എ.എസ് ഉദ്യോഗസ്ഥന്റെ ഒരു ലേഖനം അടുത്തകാലത്ത് ശ്രദ്ധയിൽപ്പെട്ടു. ടിയാന്റെ കാഴ്ചപ്പാടിൽ സഭയിൽ കഴിഞ്ഞ ഒന്നര നൂറ്റാണ്ടുകളായി നടക്കുന്ന കലഹത്തിന്റെ മൂലകാരണം വട്ടശ്ശേരിൽ തിരുമേനിയും കൂട്ടു ട്രസ്റ്റിമാരും തമ്മിലുള്ള അഭിപ്രായ വ്യത്യാസങ്ങളും തുടർന്ന് വട്ടശ്ശേരിൽ തിരുമേനി സ്വീകരിച്ച നയരഹിതമായ നടപടികളുമാണ്. പത്രോസ് പാത്രിയർക്കീസിനോടൊപ്പം മലങ്കരയിൽ വന്നിരുന്ന കാലത്ത് പിന്നീട് അബ്ദുള്ള പാത്രിയർക്കീസായ ഗ്രീഗോറിയോസ് മെത്രാനുമായി വട്ടശ്ശേരിൽ മൽപ്പാന് അടുത്ത സുഹൃദ്ബന്ധമായിരുന്നത്രേ (ഇത് ടിയാന്റെ വികലഭാവനയിൽ മാത്രം ഉരുത്തിരിഞ്ഞ ഒന്നാവാനേ സാദ്ധ്യതയുള്ളു. ഇത് സ്ഥാപിക്കുന്നവൻ ഏതെങ്കിലും ഒരു കീറക്കടലാസിന്റെ പിൻബലം ഉള്ളതായി ആരും അവകാശപ്പെട്ടിട്ടില്ല – ടിയാൻ പോലും) കൂട്ടു ട്രസ്റ്റിമാരുമായി പ്രശ്നമുണ്ടായപ്പോൾ അബ്ദുള്ള പാത്രിയർക്കീസിനെ അഭയം പ്രാപിക്കാതെ മലങ്കര മഹാസഭ നേതാക്കളുമായി ചേർന്നു. അല്ലായിരുന്നെങ്കിൽ മലങ്കര സഭയിൽ ഒരു കുഴപ്പവും ഉണ്ടാകുമായിരുന്നില്ലത്രേ!

മേൽ പ്രസ്താവിച്ച വ്യക്തി എഴുതുന്ന പലതിലും ഉപയോഗിച്ചിട്ടുള്ള വ്യാജ പ്രസ്ഥാവനകൾപോലെ തന്നെ ആ പ്രസ്താവം മുഖവിലക്കെടുത്താലും തെളിയുന്നത് പ: വട്ടശ്ശേരിൽ തിരുമേനിയുടെ ശോഭയാർന്ന വ്യക്തിത്വം തന്നെയാണ്. അപ്രകാരം ഒരു എളുപ്പവഴിയുണ്ട് എന്നത് തിരുമേനിക്ക് അറിയില്ലായിരുന്നു എന്ന് ചിന്തിക്കുവാൻ ന്യായമില്ല. അവിടുത്തെ എതിരാളികൾ മറ്റു പല കുറവുകളും പരിശുദ്ധനിൽ ആരോപിച്ചിട്ടുണ്ടെങ്കിലും ബുദ്ധിരാഹിത്യം, ആലോചനക്കുറവ് എന്നിവ അതിൽപ്പെടുന്നില്ല. (ഒരു ഐ.എ.എസ്.പരീക്ഷ പാസ്സായിട്ടുണ്ടെന്നതിനാൽ താൻ മനുഷ്യകുലത്തിന് ദൈവം നൽകിയ വരദാനമാണെന്ന് ഭാവിക്കുന്ന ഈ ശുംഭനൊഴിച്ച്) തീർച്ചയായും അങ്ങിനെ ഒരു മാർഗ്ഗം ഉണ്ടെന്ന് തിരുമേനിക്ക് അറിയാതിരിക്കാൻ യാതൊരു കാരണവുമില്ല. പാത്രിയർക്കീസിന്റെ ലൗകികാധികാരം സമ്മതിച്ചുകൊണ്ട് ഒരു ഉടമ്പടികൊടുക്കയും അബ്ദുള്ളയുടെ ദ്രവ്യാഗ്രഹത്തെ തൃപ്തിപ്പെടുത്തുകയും ചെയ്തിരുന്നെങ്കിൽ കൂട്ടുട്രസ്റ്റിമാരുടെ മേൽ ഒരു വോക്കോവർ വിജയം ലഭിക്കുകയും ചെയ്തേനെ.

**അപ്രകാരം ചെയ്ത് മലങ്കര സഭ തന്നിൽ അർപ്പിച്ചിരുന്ന വിശ്വാസത്തോട് വഞ്ചന കാട്ടുവാൻ തിരുമേനിക്ക് കഴിയുമായിരുന്നില്ല. വ്യക്തിപരമായി തനിക്ക് ദുഃഖകരമായ ഒരു മാർഗ്ഗം തിരഞ്ഞെടുക്കാതെ തന്റെ ജനത്തിനു വേണ്ടി സ്വന്തം ജീവിതം ഒരു സുദീർഘമായ പീഢാനുഭവത്തിന് ഏൽപ്പിച്ചു കൊടുക്കയായിരുന്നു ആ പിതാവ്. ഇവിടെയും മോശയുമായി ഒരു താരതമ്യം പ്രസക്തമാകുന്നു. ഫറവോന്റെ കൊട്ടാരത്തിലെ സുഖസൗകര്യങ്ങളുടെയും അധികാരത്തിന്റെയും മദ്ധ്യേ നിന്ന് സ്വന്തജനത്തിനുവേണ്ടി നാൽപ്പതിലേറെ വർഷം മരുഭൂമിയിലൂടെ പ്രയാണം ചെയ്യുകയും ഏത് ജനത്തിന് വേണ്ടി താൻ കഷ്ടത അനുഭവിച്ചുവോ അവരിൽ ഒരു വിഭാഗത്തിന്റെ തന്നെ എതിർപ്പിന് പാത്രീഭൂതനാവുകയും ചെയ്ത മോശയുടെ അനുഭവങ്ങളും വ്യത്യസ്തമല്ല. അടിമത്തത്തിൽ നിന്നും മോചനം നേടുവാനും അതിനുശേഷം നാൽപ്പതു വർഷത്തോളം മരുഭൂമിയിലൂടെ ഉഴറി നടന്ന സമൂഹത്തിന്റെ നേതൃത്വപരമായ മുൾക്കിരീടവും, വട്ടശ്ശേരിൽ തിരുമേനിയുടെ ജീവിതത്തിലെ അനേകം പ്രതിസന്ധികളും അതീവ സമാനതയുള്ളവയാണ്. ഒരു കാര്യത്തിൽ വട്ടശ്ശേരിൽ തിരുമേനി മോശയെക്കാൾ ഭാഗ്യവാനായിരുന്നു എന്നു കാണാം. വാഗ്ദത്ത നാട് ദൂരെ നിന്ന് ദർശിക്കുവാനേ മോശയ്ക്ക് സാദ്ധ്യമായുള്ളു എങ്കിൽ, താൻ നയിച്ച സമൂഹത്തെ സമാധാനത്തിന്റെ തുറമുഖത്ത് എത്തിക്കുവാൻ ആ നൗകയുടെ കപ്പിത്താനായ തിരുമേനിക്ക് സാധിച്ചു.**

വട്ടിപ്പണക്കേസിന്റെ സ്പെഷ്യൽ ജഡ്ജ് എന്നനിലയിൽ സുദീർഘമായി കേസ് കേൾക്കയും വട്ടശ്ശേരിൽ തിരു

*പേജ് 2 കോളം 3 ൽ തുടരും*

## ബാബു പോളും മലയാറ്റൂരിന്റെ ബ്രിഗേഡിയരും

മലയാറ്റൂർ രാമകൃഷ്ണന്റെ അനശ്വര കഥാപാത്രങ്ങളിലൊന്നാണ് ബ്രിഗേഡിയർ വിജയൻ മേനോൻ. ട്രിവാൻഡ്രം ക്ലബിലെ ബാറിലിരുന്നു ആന പുളു നിർലോപം വാരിവിതറി കേൾവിക്കാരെ രസിപ്പിക്കുന്നഒരു കഥാപാത്രം. റിട്ടയർ ചെയ്ത ബ്രിഗെഡിയർ, അയാൾ സർവ്വീസിൽ ഉണ്ടായിരുന്നപ്പോളും പിന്നീടും ചെയ്ത വീരകൃത്യങ്ങളായിട്ടാണ് ഈ കഥകൾ അവതരിപ്പിക്കാറുള്ളത്. ബാബുപോളും വിജയൻ മേനോനും തമ്മിലുള്ള വ്യത്യാസം പുളുവടിക്കാൻ തിരഞ്ഞെടുത്തിരിക്കുന്ന വേദിയിൽ മാത്രമാണ്. ട്രിവാൻഡ്രം ക്ലബിലെ ബാറിൽ ബാബു പോൾ പോകാറുണ്ടോ. ഉണ്ടെങ്കിൽ അവിടെയിരുന്നു പുളുഅടിക്കാറുണ്ടോ എന്നൊന്നും എനിക്കറിയില്ല. അറിയാൻ താൽപര്യവുമില്ല. പക്ഷേ കിട്ടുന്ന മാധ്യമങ്ങളിലെല്ലാം പുളുവടി നിർലോപമായി നടത്തുന്നുണ്ട്. മാധ്യമം പത്രത്തിന്റെയും ക്നാനായ ദീപത്തിന്റെയും വായനക്കാരാണ് ഈ പുളുവടി നിരന്തരം സഹിക്കുവാൻ വിധിക്കപ്പെട്ടവർ.

റിട്ടയർ ചെയ്ത സർക്കാരുദ്യോഗസ്ഥന്മാർക്കുള്ള ഇഷ്ടവിനോദങ്ങളിലൊന്നാണ് ഈ പുളുവടി. അധികാരമുള്ള പദവികളിൽ നിന്നും റിട്ടയർ ചെയ്താൽ തലേന്നുവരെ അതിവിനയം പ്രകടിപ്പിച്ചു നിന്ന ശിപായിയും ഡ്രൈവറും പോലും തിരിഞ്ഞു നോക്കാത്ത നിലയിൽ ഈ പുളുവടി ഒരു ആശ്വാസമാകുന്നെങ്കിൽ പൊതുജനം അതു ഗൗനിക്കേണ്ട കാര്യമില്ല. പക്ഷേ ഈ പുളുവടിയുടെ കൂട്ടത്തിൽ മലങ്കരസഭയേയും അതിന്റെ പാരമ്പര്യത്തെയും ആക്ഷേപിക്കയും അവഹേളിക്കയും ചെയ്യുമ്പോൾ സഭാസ്നേഹികൾക്ക് പ്രതികരിക്കേണ്ടി വരും. അതിലൊന്നാണ് ഈ ലേഖനം.

അന്ത്യോക്യാ പാത്രിയർക്കീസിനോടുള്ള വിധേയത്വം ചൊട്ട മുതലേയുണ്ടെന്നും അതു ചുടലവരെ തുടരുമെന്നുമാണ് പ്രഖ്യാപിത നിലപാട്. എങ്കിലും പാത്രിയർക്കീസിനു ബുദ്ധി ഉപദേശിക്കുന്നത് താനാണെന്നും പലതിനും പാത്രിയർക്കീസ് തന്നോട് നേരിട്ട് അഭിപ്രായം തേടാറുണ്ട് എന്നതിന്റെയും സത്യാവസ്ഥ തേടി ആരെങ്കിലും തല പുകയ്ക്കണമെങ്കിൽ അത് മഫ്രിയാനയും കൂട്ടരുമാണ്. പക്ഷേ മാർത്തോമ്മാ ശ്ലീഹായുടെ അപ്പോസ്തോല സ്ഥാനം തിരികെ കൊടുത്തത് താനുപദേശിച്ച ബുദ്ധിയിലാണ് എന്ന പ്രസ്താവന സത്യമാണെങ്കിൽ പാത്രിയർക്കീസിനെ തമ്പുരാന് പോലും രക്ഷിക്കാൻ കഴിയുമെന്ന് തോന്നുന്നില്ല. മാർത്തോമ്മാ ശ്ലീഹായുടെ അപ്പോസ്തോല പദവി ഒരു പാത്രിയർക്കീസ് കല്പന ഇറക്കുമ്പോൾ നീങ്ങി പോകുമെന്നും അടുത്ത പാത്രിയർക്കീസ് തുബ്ദേനിൽ ചില വാക്കുകൾ കൂട്ടിച്ചേർക്കുമ്പോൾപൂർവസ്ഥിതിയെ പ്രാപിക്കുമെന്നും സത്യമായി വിശ്വസിക്കുന്നെങ്കിൽ തമ്പുരാൻ വിചാരിച്ചാൽ പോലും നേരെ ആകുന്ന കേസല്ല എന്ന് കണക്കാക്കാം. മാധ്യമം പത്രക്കാരനു ക്രിസ്തീയ സഭാശാസ്ത്രം അറിയാൻ വഴിയില്ലെന്നും മംഗളം കാരന് ആരാന്റെ

*പേജ് 2 കോളം 1 ൽ തുടരും*

## ഓർത്തഡോക്സ് സഭയുടെ വളർച്ച – അരശതാബ്ദത്തിലൂടെ

**– കോര ചെറിയാൻ**

1962 മുതൽ പിന്നിട്ട 50 വർഷത്തെ ബാഹ്യ കേരള വാസത്തിലൂടെ വ്യക്തിപരമായി വീക്ഷിച്ച ഓർത്തഡോക്സ് സഭയുടെ വളർച്ച ആരുടേയും അഭിനന്ദനം അർഹിക്കുന്നതാണ്.

വിഭാവനയിൽ നിന്നും വിപുലമായി വിദൂരതയിലേയ്ക്ക്, ചക്രവാളസീമയെ ഛേദിച്ച് പടർന്നു പന്തലിച്ച വി. സഭയുടെ വളർച്ച വരുംതലമുറകൾക്ക് ആത്മീയ ആവേശവും പ്രബുദ്ധതയും പകരാൻ തീർച്ചയായും പര്യാപ്തമായിരിക്കും.

50 വർഷങ്ങൾക്ക് മുമ്പ് ഓൾഡ് ദില്ലിയിലുള്ള പ്രൊട്ടസ്റ്റന്റ് സഭക്കാരുടെ സെന്റ് ജയിംസ് ദേവാലയം ഏതാനും മണിക്കൂർ സമയത്തേക്ക് ഞായറാഴ്ച രാവിലെ വാടകയ്ക്ക് എടുത്ത കാലം ചെയ്ത മക്കാറിയോസ് തിരുമേനി – അന്നത്തെ കെ. സി. തോമസ് അച്ചൻ – വി. കുർബ്ബാന അർപ്പിച്ച കാലഘട്ടം തികച്ചും അവിസ്മരണീയമായി അവശേഷിക്കുന്നു. തലസ്ഥാനനഗരിയിലുള്ള ഏക ഓർത്തഡോക്സ് ദേവാലയത്തിൽ ഭദ്രാസന ഇടവക മെത്രാപ്പോലീത്ത ആയിരുന്ന കാലം ചെയ്ത മാത്യൂസ് പ്രഥമൻ ബാവാ ഒരിക്കൽ ഇടവക സന്ദർശിച്ച വേളയിൽ സ്വന്തമായി ഒരു ഇടവകദേവാലയം ഉണ്ടാകണമെന്ന ആവശ്യകതയെ അനുസ്മരിച്ചുകൊണ്ട് ചില സഹായങ്ങൾ വാഗ്ദാനം ചെയ്യുകയും ചെയ്തു.

ഇപ്പോൾ മെത്രാപ്പോലീത്തൻ ഡൽഹിയിൽ ഓർത്തഡോക്സ് സഭയ്ക്ക് സ്വന്തമായി പത്തിലധികം പള്ളികളും ഭദ്രാസന ആസ്ഥാനവുമായി സഭയുടെ ഈ അത്ഭുത വളർച്ച ഇന്ത്യയിലെ എല്ലാ മുഖ്യ നഗരങ്ങളിലും ഉണ്ടായി.

1970–75 കാലഘട്ടങ്ങളിൽ അമേരിക്കയിൽ കഷ്ടിച്ച് നാലോ അഞ്ചോ വാടകയ്ക്ക് എടുത്ത് ആരാധന നടത്തിയിരുന്ന ദേവാലയങ്ങൾ മാത്രമായിരുന്നു ഓർത്തഡോക്സ് സഭയ്ക്ക് ഉണ്ടായിരുന്നത്. ഇന്ന് തിരിഞ്ഞുനോക്കുമ്പോൾ രണ്ട് ഭദ്രാസനങ്ങളും നൂറിലധികം പള്ളികളും ഓർത്തഡോക്സ് സഭയ്ക്ക് സ്വന്തമായി ഉണ്ട്. യൂറോപ്യൻ രാജ്യങ്ങളിൽ സ്വന്തമായി പള്ളികളും ഭദ്രാസനവും സ്ഥാപിതമായി.

ഇന്ന് ഇന്ത്യയ്ക്ക് അകത്തും പുറത്തും ഓർത്തഡോക്സ് സഭ കൈവരിച്ച നേട്ടങ്ങൾ തികച്ചും അഭിനന്ദനാർഹമാണ്. സഭയുടെ ഈ വളർച്ചയുടെ പിന്നിൽ കാലാനുസരണമുള്ള ജനപ്പെരുപ്പം മാത്രമായി വീക്ഷിക്കരുത്. വളർന്നുവന്ന തലമുറയ്ക്ക് ആത്മീയ പ്രബുദ്ധതയും പ്രചോദനവും പ്രദാനം ചെയ്യുവാൻ ആത്മാർത്ഥതയും അർപ്പണബോധവും അതിലുപരിയായി നിസ്സീമമായ നിസ്വാർത്ഥതയും അതോടൊപ്പം ജനങ്ങളെ സ്നേഹിക്കുകയും ചെയ്യുന്ന അനേകം വൈദികരും വൈദികശ്രേഷ്ഠർക്കും പരിശുദ്ധ സഭ ജന്മം നൽകി. പാശ്ചാത്യ സഭകളിലുള്ള പല ദേവാലയങ്ങളിലും വിശ്വാസസമൂഹത്തിന്റെ അഭാവം കഠിനമായി നേരിടുകയും പല പള്ളികളും പ്രവർത്തനരഹിതമാവുകയും ചെയ്ത കിരാതകാലഘട്ടമാണ് നാം പിന്നിട്ടത്. ഓർത്തഡോക്സ് സഭ കൈവരിച്ച ഈ നേട്ടങ്ങൾ നിരുപാധികം നിലനിർത്തുവാൻ കാലത്തിന്റെ ചലനങ്ങൾക്കനുസൃതമായി വ്യതിയാനങ്ങൾ ജനങ്ങളിലും വൈദികരിലും മേൽപ്പട്ടക്കാരിലും ഉണ്ടാവണം.

കാലത്തിനൊത്ത പുരോഗതി കൈവരിക്കുവാൻ മുഖ്യധാരയിൽ ജനങ്ങളും, ജനങ്ങളുമായി ഏറ്റവും അടുത്ത് സമ്പർക്കം പുലർത്തുന്ന പുരോഹിതരും ഒരു ഘടകമായി നിലകൊള്ളണം. പലരേയും പള്ളികളിൽ നിന്നും അകറ്റുനനത് വൈദികരും ജനങ്ങളുമായിട്ടുള്ള സംസർഗത്തിന്റെ അഭാവവും പരസ്പര തെറ്റിദ്ധാരണകളുമാണ്.

ജനങ്ങളെ നയിക്കുവാനും ഉത്തമമാർഗ്ഗം നിർദ്ദേശിക്കുവാനും പ്രാപ്തരായ വൈദികർക്ക് മാത്രം വികാരി പദവി നൽകുക, വൈദികർക്ക് കൂടുതൽ പരിശീലനവും, ഭദ്രാസന – സഭാതലത്തിൽ സെമിനാറുകളും കോൺഫറൻസുകളും സംഘടിപ്പിക്കുക, ഭദ്രാസന മെത്രാപ്പോലീത്ത പ്രശ്നങ്ങൾ ഉള്ള ദേവാലയങ്ങൾ സന്ദർശിക്കുകയും ജനങ്ങളുടെ പ്രശ്നങ്ങൾ രഹസ്യമായും പരസ്യമായും ശ്രവിച്ച് ഉചിതമായ തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്യുക. വ്യക്തിബന്ധവും സാഹസിക സഹതാപവും കൈവെടിഞ്ഞ് ദേവാലയത്തിന്റെ ഉന്നമനത്തിനും, സഭയുടെ വളർച്ചയ്ക്കും ഉതകുന്ന നടപടികൾ കൈക്കൊള്ളുക, കൂടുതൽ യുവാക്കളായ വൈദികരെ വികാരിയായോ, അസിസ്റ്റന്റ് വികാരിയായോ പള്ളികളിൽ നിയമിക്കുക.

അടുത്ത നാളുകളായി അമേരിക്കൻ ഭദ്രാസനങ്ങളിൽ പല പള്ളികളിലും രണ്ടാം തലമുറക്കാരായ ഇവിടെ ജനിച്ചു വളർന്ന പുരോഹിതരെ നിയമിച്ചത് അമേരിക്കയിലെ സഭയുടെ ഭാവിയെ സംബന്ധിച്ച് അത്യധികം പ്രതീക്ഷ നൽകുന്നതാണ്. ചില നേരിയ പൊട്ടിത്തെറികളും തന്മൂലം അനുഭവപ്പെടുന്നുണ്ട്.

അമേരിക്കയിലേക്ക് കുടിയേറിയ ഓർത്തഡോക്സ് വിശ്വാസികളുടെ ആവശ്യാനുസരം ഭദ്രാസന മെത്രാപ്പോലീത്ത ഇവിടെ ജനിച്ചു വളർന്ന കുട്ടികളുടെ ഭാഷാശൈലിയുള്ള ഈ ദേശത്തുതന്നെ ജനിച്ചു വളർന്ന യുവപുരോ

*പേജ് 2 കോളം 3 ൽ തുടരും*

**AKHILA MALANKARA ORTHODOX ALMAYAVEDHI**

(Reg. No. K - 713/2005) Psot Box No. 652, Kottayam PIN 686 001)

**അൽമായവേദിസംബന്ധമായ കാര്യങ്ങൾക്ക് താഴെപ്പറയുന്നവരുമായി മാത്രം ബന്ധപ്പെടുക. പൊതുവായ കാര്യങ്ങൾ:** കെ.വി. ഏബ്രഹാം കൊടുവത്ത് (പ്രസിഡന്റ്) ഫോൺ : 9895561426 **നയപരമായ കാര്യങ്ങൾ:** തോമസ് ചാണ്ടി (ജനറൽ സെക്രട്ടറി) ഫോൺ : 9745607714 **പ്രസിദ്ധീകരണം സംബന്ധിച്ച കാര്യങ്ങൾ :** ഫീലിപ്പോസ് പൊട്ടക്കാവയലിൽ (എഡിറ്റർ) ഫോൺ : 9388591988 **സാമ്പത്തിക കാര്യങ്ങൾ, വരിസംഖ്യ സംഭാവന മുതലായവ:** ജോർജ്ജ് മാത്യു ചക്കാലപ്പറമ്പിൽ (ട്രഷറർ) ഫോൺ: 9526823343 WEBSITE : www.malankaraorthodoxalmayavedhi.com, Email : almayavedhi@yahoo.com

# 1924 ഏപ്രിൽ 25 ഞായറാഴ്ച പ: വട്ടശ്ശേരി പിതാവ് ഏലിയാ കത്തീഡ്രലിൽ വച്ചു നടത്തിയ ഒരു പ്രസംഗം

കർത്താവിനാൽ അനുഗ്രഹിക്കപ്പെട്ടവരെ!

നമ്മുടെ സഭയിൽ കഴിഞ്ഞ 14 സംവത്സരങ്ങളായി ഉണ്ടായിക്കൊണ്ടിരിക്കുന്ന ഒരു കുഴപ്പത്തിൽ നിന്ന് ഒരു സമാധാനം ഉണ്ടായി കാണ്മാൻ സഭയുടെ മക്കൾ കണ്ണുനീരോടുകൂടി ദൈവത്തോടു പ്രാർത്ഥിക്കുന്നുണ്ട്. എന്നാൽ എങ്ങിനെ എങ്കിലും സമാധാനം ഉണ്ടാകട്ടെ എന്നു വിചാരിക്കുന്നു എങ്കിൽ അതു ശരിയായ സമാധാനത്തിനുള്ള മാർഗ്ഗമല്ല. സത്യത്തെയും നീതിയെയും അടിസ്ഥാനപ്പെടുത്തിയാണ് സമാധാനം ഉണ്ടാകേണ്ടത്. വിശ്വാസത്തിനു ഭംഗം വരുത്തി സമാധാനം ഉണ്ടാകണം എന്ന് ആരും വിചാരിച്ചു കൂടാത്തതാകുന്നു. നമ്മുടെ അൽവാറീസു മെത്രാച്ചനെ നിങ്ങൾ അറിയുമല്ലൊ. അദ്ദേഹം മരിച്ചിട്ട് ഏതാനും മാസങ്ങൾ മാത്രമേ ആയുള്ളു. തൊണ്ണൂറിലധികം വയസ്സു ചെന്നാണ് അദ്ദേഹം മരിച്ചത്. അദ്ദേഹം, താൻ പിടിച്ചിരുന്ന വിശ്വാസത്തിൽ നല്ല ഉറപ്പുള്ളവനായിരുന്നു. അദ്ദേഹം ആയുസ്സിന്റെ ഒടുവിൽ താമസിച്ചിരുന്നത് ഗോവാ പട്ടണത്തിൽ ആയിരുന്നു. അവിടെ അദ്ദേഹത്തിന്റെ വിശ്വാസത്തിൽ ഉൾപ്പെട്ടതായി വേറെ ആരും ഉണ്ടായിരുന്നില്ല. ചുറ്റും റോമാക്കാർ ആയിരുന്നു. ഹിന്ദുക്കളിലുംേ ഉദ്യോഗസ്ഥന്മാരിലും വലിയ ആളുകൾ അദ്ദേഹത്തിനു സ്നേഹിതന്മാരായി ഉണ്ടായിരുന്നു. അവരോടു മരണത്തിനു മുമ്പ് അദ്ദേഹം ഇപ്രകാരം പറഞ്ഞിരുന്നു – ഞാൻ എന്റെ മരണക്കിടക്കയിൽ കിടക്കുമ്പോൾ വല്ല റോമാ പട്ടാളക്കാരും വന്ന് എന്നോട് എന്റെ വിശ്വാസം ഉപേക്ഷിക്കണമെന്നൊക്കെ ഗുണദോഷിക്കുമായിരിക്കും. എന്റെ ക്ഷീണം കൊണ്ടോ മറ്റു വിധത്തിലോ ഞാൻ എന്റെ തല അനക്കുകയോ മറ്റുകയോ ചെയ്തു എന്നു വരാം. അതു കണ്ടിട്ട് അവർ പറഞ്ഞതിനെ ഞാൻ സമ്മതിച്ചിരിക്കുന്നു എന്നു ഘോഷിച്ചു തുടങ്ങും. അങ്ങിനെ വരാതിരിക്കാൻ നിങ്ങളെ സാക്ഷിക്ളാക്കി ഇപ്പോൾതന്നെ ഞാൻ ഇതു പറയുന്നതാകുന്നു. ഞാൻ എന്റെ വിശ്വാസത്തെ ഒരിക്കലും മരണക്കിടക്കയിൽ പോലും ഉപേക്ഷിക്കുന്നതല്ലാ. അങ്ങിനെ ഉപേക്ഷിക്കുന്നതായി ആരെങ്കിലും പറഞ്ഞാൽ അതു തെറ്റാണെന്നുള്ളതിനു നിങ്ങൾ സാക്ഷികളാകുന്നു.

അദ്ദേഹത്തിന്റെ വിശ്വാസം എത്ര ഉറപ്പുള്ളതായിരുന്നു എന്നു നിങ്ങൾ മനസ്സിലാക്കുവിൻ. സമാധാനത്തിനുവേണ്ടി ഒരുത്തൻ തന്റെ വിശ്വാസത്തെ ഉപേക്ഷിക്കയോ മനഃസാക്ഷിക്ക് എതിരായി പ്രവർത്തിക്കയോ ചെയ്യാൻ നിവൃത്തിയില്ല. പാത്രിക്കീസായാലും മെത്രാപ്പോലീത്തായായാലും ആരായാലും അങ്ങനെ ചെയ്യാവുന്നതല്ല. നമ്മുടെ കർത്താവു ലോകത്തെ പിതാവായ ദൈവത്തോടു നിരപ്പാക്കുവാൻ വന്നതാകുന്നു. എന്നാൽ സാപ്രെന്മാരും പ്രീശെന്മാരും തന്നെ പിടിച്ചപ്പോൾ സമാധാനത്തിനുവേണ്ടി അവർ ആവശ്യപ്പെട്ടവണ്ണം ഒക്കെ ചെയ്യാമായിരുന്നു. എന്നിട്ട് താൻ അങ്ങിനെ ചെയ്തില്ല. അങ്ങിനെ അവിടുന്നു ചെയ്തിരുന്നു എങ്കിൽ ഭാവിയിൽ വരാനുള്ള വലിയ സമാധാനം – അതായതു പിതാവായ ദൈവത്തോടു ലോകത്തെ സമാധാനപ്പെടുത്തുക എന്നുള്ളത് – സാധിക്കയില്ലായിരുന്നു. അതിനാൽ കർത്താവു സകല കഷ്ടതയും ആ വലിയ സമാധാനത്തിനുവേണ്ടി സഹിക്കാമെന്നാണു വച്ചത്. ഞാൻ പറഞ്ഞതു സാധിക്കണം എങ്കിലെ സമാധാനം ഉണ്ടാകയുള്ളു എന്ന് ഒരുവൻ പറയുന്നു എങ്കിൽ അതു നിഗളമാകുന്നു. എന്നാൽ സത്യവും വിശ്വാസവും ഇന്നതാണെന്ന് ഒരുവൻ നല്ലപോലെ ഗ്രഹിച്ചിട്ട് അവയ്ക്ക് ഭംഗം വരുത്താതെ അവയിൽ സ്ഥിരമായി നിൽക്കുന്നു എങ്കിൽ അതു നല്ലതാകുന്നു. സഭയുടെ വിശ്വാസത്തിന് എതിരായിട്ട് വിധി അങ്ങിനെയുണ്ട് ഇങ്ങിനെയുണ്ട് എന്നൊക്കെ എന്നും ഓരോരുത്തൻ പറയുന്നു എങ്കിൽ അതു നമുക്കു സ്വീകരിക്കത്തക്കതല്ല. സഭയുടെ അടിസ്ഥാനങ്ങൾക്കും വിശ്വാസത്തിനും വിരോധവും ആകുന്നു. ഇതുകൊണ്ടൊക്കെ പ്രിയരെ, സമാധാനത്തിനുള്ള വഴി നാം കാണുന്നില്ല. എന്നാൽ ദൈവത്തിനു കഴിയാത്തത് ഒന്നും ഇല്ലല്ലോ. ദൈവം തന്നെ സമാധാനത്തിനുള്ള മാർഗ്ഗങ്ങൾ ഉണ്ടാക്കിത്തരട്ടെ. അതിനായിട്ട് നിങ്ങൾ കണ്ണുനീരോടുകൂടി പ്രാർത്ഥിപ്പിൻ. ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും സദാ നിങ്ങളിൽ വർദ്ധിച്ചിരിക്കുമാറാകട്ടെ..... ആമ്മീൻ

ഓർത്തഡോക്സ് സഭയുടെ വളർച്ച – അരശതാബ്ദത്തിലൂടെ ... തുടർച്ച

ഹിതനെ നിയമിച്ചുകൊണ്ടുള്ള കൽപന ഒരു ഇടവകയിലേക്ക് അയച്ചു. വിശുദ്ധ കുർബ്ബാന മദ്ധ്യേ മദ്ബഹായിലെ കത്തിജ്വലിക്കുന്ന മെഴുകുതിരിയേയും ഏതാണ്ട് 300 ലധികം ഭക്തജനങ്ങളേയും സാക്ഷി നിർത്തി ആ കൽപ്പന വെറുപ്പോടെയും വിദ്വേഷത്തോടെയും വാർദ്ധകൃത്തിലെത്തിയ വികാരി വായിച്ചത് ജനങ്ങളിൽ അമ്പരപ്പുണ്ടാക്കി. അടക്കാനാകാത്ത അരിശത്തോടെ ഏതാനും നിമിഷം ദീർഘനിശ്വാസം എടുത്തശേഷം ശക്തി സംഭരിച്ച് പുതിയതായി നിയമിച്ച വൈദികനെ നീചവും ശോചനീയവുമായ ഭാഷയിലാണ് പരാമർശിച്ചത്. തുടർന്ന് അട്ടഹാസരൂപേണ ആരാധനാലയത്തിന്റെ ആത്മീയ ശുദ്ധിയെ അതിലംഘിച്ച് ഇടവകജനങ്ങളെ പരസ്യമായി പഴിക്കുകയും ചെയ്തത് തികച്ചും ചിന്തോദ്യോതകമാണ്. പരിശുദ്ധിയുടെ പരിവേഷമായ അംശവസ്ത്രങ്ങളണിഞ്ഞ അതിവിശുദ്ധമായ മദ്ബഹായുടെ മദ്ധ്യത്തിൽ നിന്നുകൊണ്ട് ആരാധനയുടെ അവസാനഭാഗത്ത് അരുളിയ ഈ വചനങ്ങൾ ആരാണ് സഹിക്കുക?

കൽപ്പന എഴുതിയ ഭദ്രാസന മെത്രാപ്പോലീത്തയോടുള്ള ആദരവോ തനിക്കു ലഭിച്ച പൗരോഹിത്യ പദവിയാണ് പരദേശമായ ഏറ്റവും വലിയ സാമ്പത്തിക ശക്തിയുള്ള നാട്ടിൽ പാർപ്പിടം നൽകിയെന്ന ചിന്താഗതിയോ ഇല്ലാതെ മനസ്സിനേയും മനഃസാക്ഷിയേയും മനഃപ്പൂർവ്വം വഞ്ചിച്ച് അതിവിശുദ്ധ സ്ഥലത്ത് നിന്നുകൊണ്ട് ഈ താണ്ഡവനൃത്തം അരങ്ങേറിയത്.

ഓരോ ഓർത്തഡോക്സ് വിശ്വാസിയുടെയും സന്തതികളെ സഭാമക്കളായി, സന്മാർഗ്ഗനിഷ്ഠയോടും, സാമൂഹ്യബോധത്തോടെയും സമൂഹത്തിലെ ഉത്തമപൗരൻമാരാക്കി ഉയർത്താനുള്ള ആഗ്രഹത്തേയും, സ്വപ്നങ്ങളേയും നിരുപാധികം നിഷ്ക്കാസനം ചെയ്യുന്ന ചെയ്തികൾ ആത്മീയ നേതൃത്വത്തിൽ നിന്നും നിശ്ശേഷം തീർക്കുവാൻ സഭാനേതൃത്വം തന്നെ ചെയ്തികൾ ആത്മീയ നേതൃത്വത്തിൽ നിന്നും നിശ്ശേഷം തീർക്കുവാൻ സഭാ നേതൃത്വം തന്നെ ശക്തമായ നിലപാട് സ്വീകരിക്കണം. ഈ വക ചെയ്തികൾ സാധാരണക്കാരായ വിശ്വാസികൾ ദേവാലയത്തിൽ പോകുവാനും ആരാധനയിൽ പങ്ക് കൊള്ളുവാനുമുള്ള ആവേശത്തെ അഥവാ ആഗ്രഹത്തെ ശക്തമായി ഹനിക്കുമെന്നത് പകൽപോലെ സത്യമാണ്.

സഭയുടെ ഭാവി ഭാസുരമാക്കുവാൻ സഭാമക്കൾക്ക് സ്വഭാവശുദ്ധിയും അർപ്പണബോധവുമുള്ള വൈദികരെയാണ് ഇന്ന് ആവശ്യം. വൈദികരെ നിയമിക്കുന്നതോടൊപ്പം നിയന്ത്രിക്കുവാനും നിഷ്ഠയില്ലാത്ത പ്രവർത്തനങ്ങൾ കണ്ടാൽ നിരുപാധികം നിഷ്ക്കാസനം ചെയ്യുവാനും ഭദ്രാസനാധിപർ സന്നദ്ധരാകണം.

ശക്തമായ ഭരണകൂടങ്ങൾ ഇല്ലാത്ത പല ആഫ്രിക്കൻ രാജ്യങ്ങൾ അധഃപതിക്കുന്നതുപോലെ ഓർത്തഡോക്സ് സഭ ബലവത്തല്ലാത്ത ഭരണം മൂലം നശിക്കുവാൻ ആരും അനുവദിക്കരുത്. ○

*ഒന്നാം പേജിൽ നിന്നും തുടർച്ച* ബാബു പോളും മലയാറ്റൂരിന്റെ ...

അമ്മക്ക് ഭ്രാന്ത് പിടിച്ചാൽ കാണാനുള്ള കൗതുകം എന്നും സമാധാനിക്കാമെങ്കിലും ക്നാനായ ദീപംകാരനും സി.എസ്.എസ്. എന്ന ക്രൈസ്തവ സാഹിത്യ സമിതിയും അത് ഏറ്റു പാടുന്നത് ദുരുദ്ദേശത്തോടെ എന്നല്ലാതെ കരുതാൻ വയ്യ. സി.എസ്.എസ്. പ്രത്യേകിച്ച് ഒരു സഭയോടും വിധേയത്വം പുലർത്താത്ത പ്രസിദ്ധീകരണ സ്ഥാപനമാണ് എന്നാണ് കരുതപ്പെടുന്നത്. പ്രൊട്ടസ്റ്റെന്റ് സഭകളുടെ നിയന്ത്രണത്തിലാണെങ്കിലും ഒരു എക്യുമിനിക്കൽ കാഴ്ചപ്പാട് പുലർത്തുന്ന സമീപനമാണ് അടുത്ത കാലം വരെ വച്ച് പുലർത്തിയിരുന്നത്. എന്നാൽ ഈയിടെ പ്രസിദ്ധീകരിച്ച ഓർമ്മകളുടെ പടിപ്പുരയിൽ എന്ന ബാബു പോളിന്റെ പുസ്തകം വായിച്ചാൽ സി.എസ്.എസ് മേൽപ്പറഞ്ഞ എക്യുമെനിക്കൽ കാഴ്ചപ്പാടിൽ നിന്നും വ്യതിചലിച്ചോ എന്ന് സംശയം ജനിപ്പിക്കുന്നതാണ്.

പൂർവ്വോപര വിരുദ്ധമായ അനേകം പ്രസ്താവനകൾ പല ലേഖനങ്ങളിലുമുണ്ട്. താൻ സിറിയൻ ഓർത്തഡോക്സ് സഭയിലെ അംഗമാണ് എന്നാണ് ഒരു അവകാശവാദം. ആ പേരിൽ ഒരു സഭ ഇന്ത്യയിൽ ഉള്ളതായി അറിവില്ല. മലങ്കര ഓർത്തഡോക്സ് സഭ, യാക്കോബായ സുറിയാനി സഭ, മാർത്തോമ്മാ സുറിയാനി സഭ എന്നിങ്ങനെ മൂന്നു സഭകളുണ്ടെങ്കിലും ടിയാൻ പറഞ്ഞ പേരിൽ സഭയുള്ളത് സിറിയയിലാണ്. ഇപ്പോൾ ആ സഭ അവിടെയുമില്ല. മത്തായി ഇടയനാലച്ചന്റെ അനുകരണീയ ശൈലി കടമെടുത്തു പറഞ്ഞാൽ ഇപ്പോൾ ആ സഭ ആകെ "മാനത്താണുള്ളത്''. കുറച്ചു കൂടി വായിക്കുമ്പോൾ കണ്ണ് എങ്ങോട്ടെന്നു വ്യക്തമാകും. സക്കാ പ്രഥമൻ പാത്രിയർക്കീസിന്റെ കീഴിൽ രണ്ടു സഭകൾ – മലങ്കരയും പുത്തൻകുരിശും. ലോകം മുഴുവൻ തപ്പിയാൽ ഒരുലക്ഷം വിശ്വീസികളെ തികച്ചു കിട്ടാത്ത ആകെ മാനത്ത് സ്ഥിതി ചെയ്യുന്ന ഗതികേടിലുള്ള പാത്രിയർക്കീസിനു അങ്ങിനെ ഒരു മോഹം ഉദിക്കുന്നത് സ്വാഭാവികം. സ്വന്തം വിനീത ദാസനായ തോമസ് പ്രഥധമൻ മഫ്രിയാനയിൽ നിന്ന് അമേരിക്കൻ ഭദ്രാസനം തട്ടിയെടുത്തു അന്ത്യോക്യൻ പാരമ്പര്യം നിലനിർത്തിയ കൂട്ടർക്ക് അങ്ങിനെ മോഹമുദിച്ചാൽ കുറ്റപ്പെടുത്താനാവില്ല.

പത്രോസ് ശ്ലീഹായുടെ പ്രഥമ സ്ഥാനത്തെപ്പറ്റി ഒരു പ്രൊട്ടസ്റ്റന്റ് വേദശാസ്ത്ര പണ്ഡിതനെ ആധാരമാക്കി എഴുതിയ ലേഖനം വളരെ രസകരമായിരുന്നു. സഖാ പ്രഥമൻ പാത്രിയർക്കീസിന്റെ നിലപാട് ആ ലേഖനത്തിൽ പറഞ്ഞിരിക്കുന്നല്ലേ എന്ന് മുൻകൂർ ജാമ്യവും എടുത്തിട്ടുണ്ട്. പത്രോസ് എന്ന പാറയാണ് സഭയുടെ അടിസ്ഥാനശില എന്നും ശ്ലീഹന്മാരിൽ പത്രോസ് തലവനും മറ്റുള്ളവർ രണ്ടാം തരക്കാരും എന്ന് സ്ഥാപിക്കുവാൻ ചില വേദപുസ്തകവാക്യങ്ങളുടെ റഫറൻസും കൊടുക്കുന്നുണ്ട്. ഇതിൽ ചില വാക്യങ്ങൾക്കു പത്രോസിന്റെ അപ്രമാദിത്യം എന്ന വിഷയവുമായി വിദൂര ബന്ധം പോലുമില്ല. പത്രോസ് ഒന്നാം നൂറ്റാണ്ടിൽ അന്ത്യോക്യയിൽ സിംഹാസനം സ്ഥാപിച്ചു എന്ന് ചില വേദശാസ്ത്രജ്ഞർ പറഞ്ഞിട്ടുണ്ട് എന്ന് ഇതുവരെ ആരും പറയുകയോ എഴുതുകയോ ചെയ്തിട്ടുള്ളതായി മറ്റാരും കേട്ടിരിക്കാൻ ഇടയില്ല. ചുരുങ്ങിയത് മൂന്നാം നൂറ്റാണ്ട് വരെയും എപ്പിസ്കോപ്പ കശീശ–ശെമ്മാശൻ എന്നിങ്ങനെയുള്ള പൗരോഹിത്യ ശ്രേണി ആണ് നിലവിലുണ്ടായിരുന്നത് എന്നത് ഇപ്പോൾ മിക്കവാറും എല്ലാ ചരിത്രകാരന്മാരും അംഗീകരിച്ചിട്ടുള്ളതായിരിക്കെ ഒന്നാം നൂറ്റാണ്ടിലെ സിംഹാസനം എന്നത് ശുദ്ധ പൊളിയല്ലേ? നിഖ്യ സുന്നഹദോസിന്റെ കനോനകളിൽ പത്രിയർക്കീസ് സ്ഥാനമുള്ള നാല് മഹാപുരോഹിതന്മാരെപ്പറ്റി പരാമർശിക്കുന്നുണ്ടെങ്കിലും സിംഹാസനങ്ങൾ ഒന്നിനെപ്പറ്റിയും പരാമർശമില്ല എന്നതും കൂടി കണക്കിലെടുത്താൽ ടിയാന്റെ വാദത്തിന്റെ മുഖംമൂടി അഴിഞ്ഞുവീഴുകയല്ലേ?

അവസരത്തിലും അനവസരത്തിലും മലങ്കര സഭയെ ചെളിവാരിയെറിയുന്ന ബാബുപോളിന് താൻ ഇരുപക്ഷത്തും ഇല്ല എന്നും സക്കാ പ്രഥമൻ പാത്രിയർക്കീസിനോട് മാത്രമാണ് വിധേയത്വം എന്നുമാണ് പറയുന്നത്. ഓർത്തഡോക്സ് സഭ ടിയാനെ സംബന്ധിച്ചിടത്തോളം "നമ്മുടെ സഭയിലെ വിമത വിഭാഗം" ആണ്. സക്കാ പ്രഥമൻ പാത്രിയർക്കീസിനു ക്രിസ്തവലോകത്തു അതുല്യമായ പദവിയുണ്ട് എന്ന് സ്ഥാപിക്കുവാൻ പറയുന്ന പ്രധാന കാര്യം അദ്ദേഹം സഭകളുടെ ലോക കൗൺസിലിന്റെ പ്രസിഡന്റാണ് എന്നതാണ്. സഭകളുടെ ലോക കൗൺസിലിനു ഒരു വനിത ഉൾപ്പെടെ നാലോ അഞ്ചോ പ്രസിഡന്റ്മാരടങ്ങുന്ന ഭരണക്രമമാണെന്നും 1960 കളിൽ സാറ ചാക്കോ എന്ന മലങ്കര സഭാംഗമായ വനിതയും എഴുപതുകളിൽ മാർത്തോമ സഭയിലെ ഡോ. എം. എം. തോമസ് എന്ന അല്മായക്കാരനും എൺപതുകളിൽ മലങ്കര സഭയുടെ പൗലോസ് മാർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്തയും സഭകളുടെ ലോകകൗൺസിൽ പ്രസിഡണ്ട് സ്ഥാനത്തേക്ക് തിരഞ്ഞെടുക്കപ്പെട്ടിട്ടുണ്ടെന്നും അറിയുന്നവർക്ക് ടിയാന്റെ സ്തുതി വചനം ഒരു നിന്ദാ സ്തുതിയായെ തോന്നുകയുള്ളു. മാത്രവുമല്ല, സാധാരണ ഗതിയിൽ ഗതിയിൽ ഒരു സഭയുടെ പരമാധ്യക്ഷൻ ഈ സ്ഥാനം ഏറ്റെടുക്കാറില്ല. മെത്രാന്മാരെയാണ് എപ്പിസ്കോപ്പൽ സ്ഥാനികൾക്കുള്ള പ്രസിഡന്റ് പദവിയിലേക്ക് തിരഞ്ഞെടുക്കാറുള്ളത്. അപ്പോൾ ഈ സ്ഥാനം ഏൽക്കുകവഴി സക്കബാവയുടെ സ്ഥാനത്തിനു ഏറ്റമാണോ ഇറക്കമാണോ ഉണ്ടാവുക എന്നത് സാമാന്യ ബുദ്ധിയുള്ളവർക്ക് മനസിലാകുന്ന കാര്യമാണ്.

മലങ്കര സഭയിൽ നിൽക്കുവാൻ തിയഫിലോസ് തിരുമേനിയും പൗലോസ് മാർഗ്രിഗോറിയോസ് തിരുമേനിയും ടിയാനെ ചാക്കിട്ടു എന്നൊരു ആന പൊളിയും തട്ടിവിടുന്നുണ്ട്. ഇയാള് ഈ രണ്ടു തിരുമേനിമാരും കാലം ചെയ്തു കഴിഞ്ഞാണ് ഈ വെളിപ്പെടുത്തൽ നടത്തുന്നത് എന്നതിൽ നിന്ന തന്നെ ഈ പ്രസ്താവന വ്യാജമെന്ന് തെളിയുന്നതാണ്. ഈ രണ്ടു തിരുമേനിമാരും അങ്ങിനെ ആരെയും ചാക്കിടാൻ പോകുന്നവരല്ല എന്ന് അവരുടെ ശത്രുക്കൾ പോലും സമ്മതിക്കും. ടിയാൻ വാഴ്ത്തുന്ന അദ്ദേഹത്തിന്റെ പിതാവ് പൗലോസ് കോറെപ്പിസ്ക്കോപ്പയെപ്പറ്റി പലതും അറിയാവുന്നവർ ഇന്നും ജീവിച്ചിരിപ്പുണ്ടെങ്കിലും പരലോക പ്രാപ്തനായ ഒരാളെപ്പറ്റി ദോഷം പറയാതിരിക്കുക എന്ന സുജന മര്യാദ കഴിവുള്ളതത്രയും പാലിക്കേണ്ടതിനാൽ ഇപ്പോൾ അതൊന്നും ഇവിടെ വിളമ്പാൻ ഉദ്ദേശിക്കുന്നില്ല.

*ഒന്നാം പേജിൽ നിന്നും തുടർച്ച* മലങ്കര സഭയുടെ മോശ ...

മേനിയുടെ മാസങ്ങൾ നീണ്ടുനിന്ന സാക്ഷിമൊഴികൾ രേഖപ്പെടുത്തുകയും കേസിന്റെ വിധി പ്രസ്താവിക്കുകയും ചെയ്ത ന്യായാധിപൻ ജി. ശങ്കരപ്പിള്ള, തിരുമേനിയുടെ ദേഹവിയോഗത്തിൽ അനുശോചിച്ചുകൊണ്ട്, പ: ബസ്സേലിയോസ് ഗീവർഗ്ഗീസ് ദ്വിതീയൻ കാതോലിക്കാബാവായ്ക്ക് അയച്ച അനുശോചനക്കുറിപ്പ് ഇവിടെ എടുത്തു ചേർക്കുന്നു. പ്രത്യേകിച്ച് വിശദീകരണം ആവശ്യമില്ലാത്ത ആ കുറിപ്പ് ഒരു സമകാലീന സാക്ഷ്യത്തെക്കാൾ ഏറെ വിലമതിക്കപ്പെട്ടതാണ്. നീതിമാനും നിഷ്പക്ഷനുമായ ഒരാളുടെ സാക്ഷ്യത്തിന് പ്രത്യേകിച്ച് വിശദീകരണം ആവശ്യമില്ലാത്തതിനാൽ അതിന് മുതിരുന്നില്ല.

"ഗോവിന്ദഭവനം, തിരുവനന്തപുരം. 24–3–34. അവിടുത്തെ കമ്പിക്കുവേണ്ടി നന്ദി പറയുന്നു. മലങ്കരയുടെ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായുടെ വിയോഗ വാർത്ത എന്നെ സന്തപ്തനാക്കി. അദ്ദേഹത്തിന്റെ വിയോഗം മൂലം സുറിയാനി സഭയ്ക്കു നികത്താനാവാത്ത നഷ്ടമാണ് സംഭവിച്ചത് എന്നു പറയേണ്ടതില്ലല്ലോ. അനന്യസാധാരണമായ വ്യക്തി മാഹാത്മ്യം ഉള്ള ഒരു ദേഹമായിരുന്നു അദ്ദേഹം. മലങ്കരസഭയുടെ ക്ഷേമത്തിൽ ഹൃദയപ്രാധാന്യമുള്ള ഒരു തത്വത്തിന്റെ സംരക്ഷണത്തിനുവേണ്ടി നിവർന്നു നിന്നു പോരാടേണ്ടി വന്നു. അതുമൂലം വ്യാജമായ കുറ്റാരോപണങ്ങൾക്കും പീഡനങ്ങൾക്കും വിധേയനായി. വ്യക്തിപരമായി ഗൗരവതരമായ കഷ്ടതകൾ സഹിക്കേണ്ടതായും വന്നു. അവയെ എല്ലാം ഒരു വീരയോദ്ധാവിനു അനുയോജ്യമായ ധൈര്യത്തോടും ഒരു സത്യക്രിസ്ത്യാനിക്കു യോജിച്ച സമർപ്പണ ബുദ്ധിയോടും അദ്ദേഹം അഭിമുഖീകരിച്ചു. അദ്ദേഹം വിത്തു ശരിക്കും വിതച്ചു. സഭയ്ക്കു അതിൽ നിന്നു വിളവു ലഭിക്കുമെന്നതിൽ എനിക്കു സംശയമില്ല. ആയുഷ്ക്കാലത്തു നിരാകരിക്കപ്പെട്ടിരുന്ന സ്വാസ്ഥ്യം മരണാനന്തരം അദ്ദേഹത്തിനു ലഭിക്കട്ടെ. അവിടുത്തോടും സഭയോടും ഒപ്പം നമ്മിൽ നിന്നു പിരിഞ്ഞുപോയ ആളിന്റെ വേർപാടിൽ ഞാനും വിലപിക്കുന്നു". ●


**അൽമായവേദി**

**വാർഷിക വരിസംഖ്യ: 150 രൂപ**

**(ഇന്ത്യയിൽ)**

**മണിഓർഡർ അയയ്ക്കുമ്പോൾ ശ്രീ. ജോർജ്ജ് മാത്യു, ട്രഷറർ, അൽമായവേദി, ചക്കാലപ്പറമ്പിൽ വടക്കേ വീട്, പുത്തനങ്ങാടി, കോട്ടയം–1 എന്ന വിലാസത്തിൽ അയയ്ക്കുവാൻ അഭ്യർത്ഥിക്കുന്നു. ലേഖനങ്ങൾ, കത്തുകൾ എന്നിവ അയക്കേണ്ട വിലാസം:**

**AKHILA MALANKARA ORTHODOX**
**ALMAYAVEDI, Post Box No. 652**
**Kottayam - 686001**



**അൽമായവേദി ബ്ലോഗിലും ഫേസ് ബുക്കിലും**

**അൽമായവേദിയുടെ വെബ്സൈറ്റ് സജീവമായ കാര്യം സന്തോഷപൂർവ്വം അറിയിക്കുന്നു. അതോടൊപ്പം ബ്ലോഗ്, ഫേസബുക്ക് എന്നീ മാദ്ധ്യമങ്ങളിലും അൽമായവേദി സജീവമായുണ്ട്. എല്ലാ അഭ്യുദയകാംഷികളെയും ഇവയിലേക്ക് ക്ഷണിക്കുന്നു.**

Website: www.orthodoxalmayavedhi.org

Blog: http//malankaraorthodoxalmayavedhiblogger.com

Facebook: http//www.facebook/groups/almayavedhi




Almayavedhi: Printed and published by K.V. Abraham Koduvath (President) on behalf of Akhila Malankara Orthodox Almayavedhi, P.B. No. 652, Kottayam-686 001. Published from Kottayam. Editor: Philipose Pottakkavayalil Ph: 9349754448. Printed at: ESJAY, Ktm-1. Tel: 2300519 **For Private Circulation Only**